(ബി) ഖാദി മേഖലയിൽ 8 കോടി രൂപയുടെയും കൈത്തറി മേഖലയിൽ 55 കോടിയോളം രൂപയുടെയും ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഖാദി കൈത്തറി മേഖലയിൽ സ്റ്റോക്കുകെട്ടി കിടക്കുന്നു എന്നു ള്ളതു വസ്തുതയാണ്. എന്നാൽ ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതികളനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഇങ്ങനെ ഒരു നിർദ്ദേശം വയ്ക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കുകയില്ല.

45 (1271) കശുമാവ് കൃഷി ഏറ്റെടുക്കുവാൻ പദ്ധതി

ശ്രീ. പാലോട് രവി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഈ വർഷം കശുമാവു കൃഷി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി നടത്തുന്നത്;

(സി) ഇത് ഏതൊക്കെ പ്രദേശങ്ങളിലാണ്;

(ഡി) ഇതിനായി ഈ സാമ്പത്തിക വർഷം എന്തു തുക വകകൊള്ളിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കശുമാവ് കൃഷി ചെയ്യാൻ ഉദ്ദേശമുണ്ട്.

(ബി) കശുമാവ് കൃഷി നടത്താൻ അനുയോജ്യമായിട്ടുള്ള സ്ഥലം ലഭ്യമാകുന്നതനുസരിച്ച് കൃഷി നടത്താൻ ഉദ്ദേശിക്കുന്നു.

(സി) കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായും, കാലിക്കട്ട്/കേരള യൂണിവേഴ്സിറ്റിയുമായും സ്ഥലം ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച നടന്നു വരികയാണ്.

(ഡി) ഇതിനായി ബഡ്ജറ്റ് സ്പീച്ചിൽ അഞ്ചുകോടി രൂപാ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

46 (1272) കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ സംസ്ഥാനത്ത് കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly